(ബി) ഉണ്ടെങ്കിൽ വിശദീകരിക്കുമോ;

(സി) വിവിധ പഞ്ചായത്തുകളിലെ ശുദ്ധജല പദ്ധതികളുടെ പ്രവർത്തനം അറ്റകുറ്റപ്പണികൾ നടത്താത്തതിനാലും വൈദ്യുതി ചാർജ് ഒടുക്കാത്തതിനാലും മുടങ്ങിക്കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ പദ്ധതികളുടെ അറ്റകുറ്റപ്പണികൾക്കും വൈദ്യുത ചാർജ് ഒടുക്കുന്നതിനും ആവശ്യമായ ധനസഹായം പഞ്ചായത്തുകൾക്ക് നൽകാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ)* :

(എ) ഉണ്ട്.

(ബി) തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിലെ ഗ്രാമ പഞ്ചായത്തുകളിൽ ലോകബാങ്കിന്റെ സഹായത്തോടുകൂടി ശുദ്ധജല പദ്ധതികൾ നടപ്പാക്കുന്നുണ്ട്. കൂടാതെ കാസർഗോഡ്, കൊല്ലം ജില്ലകളിൽ ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഗ്രാമപഞ്ചായത്തുകൾ വഴിയും ശുദ്ധജല പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

(സി) ഉണ്ട്.

(ഡി) 4-11-2004-ലെ ജി. ഒ. (എം. എസ്.) 310/2004/തസ്വഭവ., 25-11-2004-ലെ ജി. ഒ. (എം. എസ്.) 318/2004/തസ്വഭവ. എന്നീ ഉത്തരവുകൾ പ്രകാരം യഥാക്രമം മെയിന്റനൻസ് ഗ്രാന്റും ജനറൽ പർപ്പസ് ഗ്രാന്റും ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകൾക്ക് ശുദ്ധജല പദ്ധതികളുടെ അറ്റകുറ്റപ്പണികൾക്കും, വൈദ്യുത ചാർജ് ഒടുക്കുന്നതിനും പ്രസ്തുത ഗ്രാന്റുകളിൽ നിന്നുള്ള തുക വിനിയോഗിക്കാവുന്നതാണ്.

ക്ലീൻ കേരള പദ്ധതി

*16 [644] *ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ* :
ശ്രീ. ടി. പി. രാമകൃഷ്ണൻ :
,, *സാജുപോൾ* :
,, *എ. സി. മൊയ്തീൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആരംഭിച്ച ക്ലീൻ കേരള പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഖരമാലിന്യ പദ്ധതി നടപ്പിലാക്കുന്ന മുനിസിപ്പാലിറ്റികൾക്ക് സാമ്പത്തികസഹായം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇപ്പോൾ നടന്നുവരുന്ന ഖരമാലിന്യ സംസ്ക്കരണ പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഖരമാലിന്യ സംസ്ക്കരണ പദ്ധതി വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ)* :

(എ) താഴെപ്പറയുന്ന ഉദ്ദേശ ലക്ഷ്യങ്ങൾ മിഷൻ വിഭാവനം ചെയ്യുന്നു.

1. സാമൂഹികാംഗീകാരം, സാങ്കേതികത്തികവ്, സാമ്പത്തികക്ഷമത, വ്യാവസായിക സംരംഭകത്വം ഇവ ഉറപ്പാക്കുന്നതിനും സുസ്ഥിരമാക്കുന്നതിനുമായി മാലിന്യമുക്തമായ സംസ്ഥാനം ഉറപ്പാക്കുക.
2. ബയോമെഡിക്കൽ മാലിന്യങ്ങളുടെ നിർമ്മാർജ്ജനത്തിനായി പൊതുസൗകര്യങ്ങൾ സാധ്യമാക്കുക.
3. സംസ്ഥാനത്തെ പരിസ്ഥിതിനില മെച്ചപ്പെടുത്തുന്നതിനായി ഖരമാലിന്യ പരിപാലനം, മലിനജല നിർമ്മാർജ്ജനം തുടങ്ങിയ പ്രവർത്തനങ്ങൾ സംയോജിപ്പിക്കുക.
4. പരിസ്ഥിതി പരിപാലനവും പരിസ്ഥിതി ബന്ധിത ഉല്പാദനവും സാദ്ധ്യമാക്കുന്നതിനുതകുന്ന ഉദ്യമങ്ങളേയും ചട്ടങ്ങൾ നടപ്പിലാക്കുന്ന സംവിധാനങ്ങളേയും സഹായിക്കുക.
5. നമ്മുടെ സ്വാഭാവിക പരിസ്ഥിതി മെച്ചപ്പെടുത്തുന്നതിനും പ്രകൃതിയിലെ പ്രവർത്തന നിരതമായ ആവാസ വ്യവസ്ഥ നിലനിർത്തുന്നതിനുതകുന്ന പരിസ്ഥിതി അവബോധം സൃഷ്ടിക്കുന്നതിനും ശുചിത്വം ഒരു സ്വഭാവമാക്കി മാറ്റുന്നതിനും വേണ്ടി സമൂഹത്തിന്റെയും സ്ഥാപനങ്ങളുടെയും വ്യാപാര വ്യവസായ സംരംഭങ്ങളുടെയും സർഗ്ഗശക്തിയേയും സ്വാഭാവിക കഴിവുകളെയും ഉപയോഗപ്പെടുത്തുക.

(ബി) ഖരമാലിന്യ പരിപാലന പദ്ധതി നടപ്പിലാക്കുന്നതിനായി മുനിസിപ്പാലിറ്റികൾക്കും ഗ്രാമപഞ്ചായത്തുകൾക്കും സാമ്പത്തിക സഹായം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ഉടനെ തീരുമാനിക്കും.

(സി) ഇപ്പോൾ നടന്നുവരുന്ന ഖരമാലിന്യ പരിപാലന പദ്ധതി 2007-ൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്

(ഡി) ഖരമാലിന്യ സംസ്ക്കരണ പദ്ധതി ഗ്രാമപഞ്ചായത്തുകളിലേക്ക് വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

GPM. 2/256/2012—7

LIBRARY ARCHIVES Kerala Legislative Assembly